WEBSITE: www.keralapsc.gov.in
E-MAIL: kpsc.psc@kerala.gov.in
Telephone No: 0474 -2743624

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, കൊല്ലം

ചുരുക്കപ്പട്ടിക നമ്പർ: 31/2022/DOQ — കൊല്ലം

കാറ്റഗറി നമ്പർ: 093/2022 — തീയതി : 21.11.2022

**16.04.2022** തീയ്യതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം **കൊല്ലം ജില്ലയിൽ വനം – വന്യജീവി വകുപ്പിൽ Rs.20000-45800/-(PR)** രൂപ ശമ്പള നിരക്കിൽ **ബീറ്റ് ഫോറസ്റ്റ് ഓഫീസർ, (പാർട്ട്-II) (വനംവകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കായുള്ള നിയമനം)** (ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി **03.09.2022** ന് നടത്തിയ **ഒ.എം.ആർ പരീക്ഷയുടെ** അടിസ്ഥാനത്തിൽ **ശാരീരിക അളവെടുപ്പിനും, കായിക ക്ഷമതാ പരീക്ഷയ്ക്കും** പരിഗണിക്കാൻ അർഹരാണെന്നു കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർത്തിരിക്കുന്നു.

15.11.2022 തീയതിയിൽ പ്രസിദ്ധീകരിച്ച 29/2022/DOQ നമ്പർ സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരിൽ അവശ്യ പ്രമാണങ്ങൾ upload ചെയ്തിട്ടുള്ള യോഗ്യനായ ഏക ഉദ്യോഗാർത്ഥിയെ ഉൾപ്പെടുത്തിയാണ് കായികക്ഷമതാ പരീക്ഷയ്ക്കായുള്ള ഈ അന്തിമ ചുരുക്കപ്പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

## LIST- I

### (a) പുരുഷന്മാർ

102850

### (b) സ്ത്രീകൾ

ഇല്ല

**കുറിപ്പ്:-1**

അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരുവിധ അവകാശവും പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ തുടർന്നുള്ള തെരഞ്ഞെടുപ്പ് നടപടികളിലേയ്ക്ക് പരിഗണിക്കുകയുള്ളൂ.

**കുറിപ്പ്:- 2**

അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തതായി തെളിയിക്കുന്ന രേഖകൾ, ഉപജീവനത്തിനായി വനത്തെ

ആശ്രയിച്ച കഴിയുന്ന എന്നു തെളിയിക്കുന്ന രേഖകൾ എന്നിവ upload ചെയ്ത 03.09.2022 തീയതിയിലെ ഒ. എം. ആർ പരീക്ഷ എഴുതിയ അർഹനും യോഗ്യനുമായി ലഭിച്ച ഏക ഉദ്യോഗാർത്ഥിയെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>കുറിപ്പ്: 3</u>**

മേൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും നടത്തുന്ന തീയതിയും സ്ഥലവും ഉടൻ തന്നെ വ്യക്തിഗത അറിയിപ്പ്/ SMS/ Profile Message-കൾ മുഖേന അറിയിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള പേര്, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി എന്നിവ തെളിയിക്കുന്നതിനായി SSLC /തത്തുല്യ യോഗ്യതയുടെ സർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തി ആണെന്ന് തെളിയിക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ കുറയാത്ത ഉദ്യോഗസ്ഥൻ നൽകുന്ന സർട്ടിഫിക്കറ്റ്/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ്, വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന വ്യക്തിയാണെന്നും, വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെന്നും കാണിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഫോം- I സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള NCC/ Sports മുതലായവയുടെ സർട്ടിഫിക്കറ്റുകൾ എന്നിവ കായികക്ഷമതാ പരീക്ഷ സമയത്ത് പ്രമാണ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**<u>കുറിപ്പ്: 4</u>**

ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയിൽ വിജയിച്ചവരെ ഉൾപ്പെടുത്തി ഇന്റർവ്യൂവിന് മുന്നോടിയായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. ഇന്റർവ്യൂവിന് പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ.

**<u>കുറിപ്പ്: 5</u>**

നിലവിലുള്ള നിയമപ്രകാരം ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയിക്കുന്നതിനും പകർപ്പ് ആവശ്യപ്പെടുന്നതിനും ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഉത്തരക്കടലാസ് പുനർ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനൊപ്പം നൽകുന്നതാണ്.

**<u>കുറിപ്പ്: 6</u>**

OMR പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളിൽ ആരുടേയും ഉത്തരക്കടലാസ് അസാധുവാക്കിയിട്ടില്ല. (വിജ്ഞാപന നമ്പർ: ER VII (1) 3690/2022/EW dated 27.10.2022 കാണുക).

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**രാധാകൃഷ്ണപിള്ള. കെ**
**ജില്ലാ ആഫീസർ,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കൊല്ലം.**

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ